# പച്ചത്തുരുത്ത്

## മഹാത്മാ ഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പങ്ക്

# മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വനവത്കരണവും വൃക്ഷത്തൈ നടീലും

**ഏറ്റെടുക്കാൻ കഴിയുന്ന പ്രദേശങ്ങൾ**

- വന പ്രദേശങ്ങൾ
- തരിശുനിലങ്ങൾ
- പൊതു ഭൂമികൾ, മേച്ചിൽ പ്രദേശങ്ങൾ
- പുഴകൾ, കനാലുകൾ എന്നിവയുടെ തീരങ്ങൾ
- പി.എം.ജി.എസ്.വൈ പദ്ധതി മുഖേന നിർമ്മിച്ച റോഡുകൾ, അഥവാ മറ്റ് റോഡുകളുടെ വശങ്ങളിൽ
- ദുർബലവിഭാഗങ്ങളുടെ ഉടമസ്ഥതയിലുള്ള സ്വകാര്യഭൂമിയിൽ (ബ്ലോക്ക് പ്ലാന്റേഷൻ ആയോ ഇത്തരം വിഭാഗങ്ങളുടെ കൃഷിഭൂമിയിൽ ബ□ ുകളായോ വൃക്ഷവല്ക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്)

# തൊഴിലുറപ്പ് പദ്ധതിയിൽ വൃക്ഷത്തൈ നടീൽ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി നൽകാൻ കഴിയുന്ന സഹായങ്ങൾ

- വൃക്ഷത്തൈകൾ
- നടീലിന് ആവശ്യമായ കുഴികൾ എടുക്കുന്നതിനും തൈ നടുന്നതിനും ഉള്ള വേതനം
- വളം (കഴിയുന്നതും ജൈവവളം)
- ജലസേചനത്തിനുള്ള ഉപകരണങ്ങൾ
- ജലസേചനം, ചെടികളുടെ പരിപാലനം, സംരക്ഷണം എന്നിവയ്ക്കുള്ള കൂലി (3–5 വർഷം വരെയുള്ള പരിപാലനം)
- ഇത്തരത്തിലുള്ള എല്ലാ ചെലവുകളും ഒറ്റ എസ്റ്റിമേറ്റിന്റെ ഭാഗമായിരിക്കാൻ ശ്രദ്ധിക്കേ□ താണ്

# മറ്റു പ്രധാന വ്യവസ്ഥകൾ

- മറ്റ് സ്കീമുകളുമായി സംയോജനം നടത്തുന്ന വേളയിൽ തൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് ഉപയോഗിക്കുന്ന ഫ□ും സംയോജനം നടത്തുന്ന മറ്റു പദ്ധതികളിൽ നിന്ന് ഉപയോഗപ്പെടുത്തുന്ന ഫ□ും ഓരോ പദ്ധതിയും മുഖേന നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള പ്രവർത്തനങ്ങളും മുൻകൂട്ടി നിശ്ചയിച്ചിരിക്കേ□താണ്.
- ഒരു പ്രദേശത്ത് നടീൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനു മുമ്പായി ആ പ്രദേശത്തിന്റെ ഉടമസ്ഥത വഹിക്കുന്ന വ്യക്തിയുടെ/സർക്കാർ വകുപ്പിന്റെ അനുമതി മുൻകൂട്ടി വാങ്ങിയിരിക്കേ□താണ്.

# മറ്റു പ്രധാന വ്യവസ്ഥകൾ

- ബ്ലോക്ക് പ്ലാന്റേഷൻ ഏറ്റെടുക്കുന്ന വേളയിൽ ചെടികളുടെ സംരക്ഷണത്തിനായി ജൈവവേലി ഉപയോഗിക്കുന്നത് അഭികാമ്യമായിരിക്കും. അതോടൊപ്പം കിടങ്ങുകളോ ബ□ ുകളോ കൂടി നിർമ്മിക്കാവുന്നതാണ്.
- ഓരോ ചെടിക്കും പ്രത്യേകം സംരക്ഷണം നൽകുന്നതിനായി അതാത് പ്രദേശത്ത് എളുപ്പത്തിൽ ലഭിക്കുന്ന വസ്തുക്കളായ മുള, കമ്പുകൾ മുതലായവ കൊ□ ുള്ള കൂടുകൾ നിർമ്മിച്ച് സംരക്ഷണ കവചമായി ഉപയോഗിക്കാവുന്നതാണ്.

# നടീൽ വസ്തുക്കളുടെ സംഭരണം

- തൈകൾ ലഭ്യമാക്കുന്നതിന് ചുവടെ പറയുന്ന മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്
  - തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പിലാക്കിയിട്ടുള്ള നഴ്സറികളിൽ നിന്നും
  - വനം വകുപ്പ്/മറ്റ് സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള നഴ്സറികളിൽ നിന്നും
  - സർക്കാർ അംഗീകാരമുള്ള സ്വകാര്യ നഴ്സറികളിൽ നിന്നും (ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ അടങ്ങുന്ന സമിതി അംഗീകാരം നൽകിയിട്ടുള്ള നിരക്കുകൾ പ്രകാരമാവണം വാങ്ങൽ)

# ആദായത്തിന്റെ പ്രയോജനം

- പൊതുഭൂമിയിൽ നടത്തിയിട്ടുള്ള നടീൽ പ്രവർത്തനങ്ങളിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ പ്രയോജനം (200 മരങ്ങൾ വരെ അഭികാമ്യം), ദുർബല വിഭാഗത്തിൽ പെട്ട കുടുംബങ്ങൾക്ക് അനുവദിക്കാവുന്നതാണ്.

# തൊഴിലുറപ്പ് പദ്ധതി മുഖേന നഴ്സറികൾ സ്ഥാപിക്കുമ്പോൾ...

- നഴ്സറികൾ സ്ഥാപിക്കുന്നതിനായി കൃഷി ഫാമുകൾ, മറ്റ് പൊതു സ്ഥലങ്ങൾ, സ്വകാര്യ ഭൂമികൾ എന്നിവ ഏറ്റെടുക്കാവുന്നതാണ്.
- സ്വയം സഹായ സംഘങ്ങൾക്കും വ്യക്തികൾക്കും തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നഴ്സറികൾ സ്ഥാപിക്കാവുന്നതാണ്.
- മികച്ച നിലവാരമുള്ള നഴ്സറികൾ സ്ഥാപിക്കുന്നതിന് ആവശ്യമായ നൈപുണ്യ വികസനം നേടുന്നതിനുള്ള പരിശീലനം നഴ്സറികൾ സ്ഥാപിക്കുന്നവർക്ക് നൽകിയിരിക്കേ□ താണ്.

# തൊഴിലുറപ്പ് പദ്ധതി മുഖേന നഴ്സറികൾ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ

- ഗ്രാമപഞ്ചായത്തിന്റെ ലേബർ ബഡ്ജറ്റ്, ആനുവൽ ആക്ഷൻ പ്ലാൻ എന്നിവയിൽ മുൻകൂട്ടി ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ മാത്രമേ ഏറ്റെടുക്കാൻ കഴിയൂ
- തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തിയെടുക്കുന്നതിന് തൊഴിൽ കാർഡ് എടുത്തിട്ടുള്ള തൊഴിലാളികൾക്ക് മാത്രമേ നഴ്സറി നിർമ്മാണത്തിൽ ഏർപ്പെടാൻ കഴിയൂ
- പ്രവൃത്തിയുടെ എസ്റ്റിമേറ്റുകൾ സെക്യൂർ സോഫ്റ്റ് വെയർ മുഖേന മാത്രമേ തയ്യാറാക്കാവൂ
- പ്രവൃത്തിയുടെ നിർവ്വഹണച്ചുമതല പൂർണ്ണമായും ഗ്രാമപഞ്ചായത്തുകൾക്ക് ആയിരിക്കും
- നടീൽ വസ്തുക്കൾ വാങ്ങുന്നതിന് തൊഴിലുറപ്പ് പദ്ധതിയുടെ സാധനഘടകം ഉപയോഗപ്പെടുത്താവുന്നതാണ്
- നട്ടുവളർത്തുന്ന തൈകളിൽ 90% തൈകളെങ്കിലും പൂർണ്ണവളർച്ചയെത്തുന്നു എന്ന് ഉറപ്പു വരുത്തേ□ താണ്.

# തൊഴിലുറപ്പ് പദ്ധതി മുഖേന വൃക്ഷവല്ക്കരണം – നടപടികൾ

- അനുയോജ്യമായ സ്ഥലം ക□ ത്തൽ
- വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തൽ
- എസ്റ്റിമേറ്റ് തയ്യാറാക്കൽ, ഭരണ–സാങ്കേതിക അനുമതി
- അനുയോജ്യരായ തൊഴിലാളികളെ ക□ ത്തൽ
- തൊഴിലാളികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ/പരിശീലനം നൽകൽ
- അനുയോജ്യമായ ഇനം തൈകൾ ക□ ത്തൽ
- നടീലിനാവശ്യമായ വിത്തുകൾ/തൈകൾ ലഭ്യമാക്കൽ

# തൊഴിലുറപ്പ് പദ്ധതി മുഖേന വൃക്ഷവല്ക്കരണം – നടപടികൾ

- നഴ്സറി തയ്യാറാക്കൽ
- ആവശ്യമായ സാങ്കേതിക സഹായം നൽകൽ
- നിലം ഒരുക്കൽ
- നടീലിന് ആവശ്യമായ കുഴികൾ തയ്യാറാക്കൽ, കുഴികളിൽ ജൈവവളം ചേർക്കൽ
- തൈകൾ നടുക
- തൈകളുടെ സംരക്ഷണത്തിനായി ജൈവവേലികൾ നിർമ്മിക്കുക
- ജലസേചനം, കളപറിക്കൽ, മറ്റ് പരിപാലന പ്രവൃത്തികൾ യഥാസമയത്ത് ചെയ്യുക

## വെല്ലുവിളികൾ

- തൊഴിലാളികളുടെ അറിവും സാങ്കേതിക നിലവാരവും
- ഗുണനിലവാരമുള്ള വിത്തുകളുടെ ലഭ്യതക്കുറവ്
- ഫീൽഡ് തലത്തിൽ സാങ്കേതിക സഹായത്തിന്റെ അഭാവം
- വേനൽക്കാലത്ത് ആവശ്യമായ ജലസേചന സൗകര്യം ലഭ്യമാകാതിരിക്കൽ
- ഫീൽഡ് തലത്തിൽ ആവശ്യമായ തയ്യാറെടുപ്പുകളോ ഏകോപനമോ നടത്താതിരിക്കൽ
- തൈകൾ നട്ടതിനുശേഷം ആവശ്യമായ പരിപാലന പ്രവൃത്തികൾ യഥാസമയം നടത്താതിരിക്കൽ

# തൊഴിലുറപ്പ് പദ്ധതിയിൽ മാടക്കത്തറയിൽ ഫലവൃക്ഷത്തോട്ടം

**തൃശ്ശൂർ** ▸ തൊഴിലുറപ്പ് പദ്ധതിയിൽ ഫലവൃക്ഷത്തോട്ടം തയ്യാറാകുന്നു. മാടക്കത്തറ പഞ്ചായത്തിൽ കൃഷിവിജ്ഞാന കേന്ദ്രത്തിൻെറ കീഴിൽ എട്ടേക്കർ സ്ഥലത്താണ് തോട്ടം. ബാംഗ്ലോറ, നീലം, അൽഫോൺസോ, രത്ന എന്നീ ഇനം മാവുകളും പ്ലാവിൻ തൈകളുമാണ് വച്ചുപിടിപ്പിക്കുന്നത്. ഫലസമൃദ്ധി എന്നാണ് പദ്ധതിയുടെ പേര്.

കൃഷിവിജ്ഞാനകേന്ദ്രത്തിൻെറ റിവോൾവിങ് ഫണ്ട്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻെറ സഹായധനം, കാർഷിക സർവകലാശാലാ പ്ലാൻഫണ്ട് എന്നിവയുടെ സഹായത്തോടെയാണ് തോട്ടം തയ്യാറാകുന്നത്. മൂന്നുവർഷമാണ് പദ്ധതിയുടെ കാലാവധി.



▶ മാടക്കത്തറ പഞ്ചായത്തിൽ തുടങ്ങുന്ന ഫലവൃക്ഷത്തോട്ടത്തിലെ തൈ നടീലിൻെറ ഉദ്ഘാടനം കളക്ടർ ടി.വി. അനുപമ നിർവഹിക്കുന്നു

ഫലവൃക്ഷത്തോട്ട നിർമാണത്തിൻെറ തൈനടീൽ പദ്ധതിയുടെ ഉദ്ഘാടനം ജില്ലാ കളക്ടർ ടി.വി. അനുപമ നിർവഹിച്ചു. കാർഷിക സർവകലാശാലാ വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ഐ.എസ്. ഉമാദേവി, മാടക്കത്തറ ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് പി.എസ്. വിനയൻ, വൈസ് പ്രസിഡൻറ് ഇന്ദിര മോഹൻ, സുരേഷ് പുളിക്കൻ, ഡോ. എ പ്രേമ, ഡോ. പി.എസ്. ഗീതക്കുട്ടി ഡോ. ജീജു പി. അലക്സ് തുടങ്ങിയവർ പങ്കെടുത്തു.

# KAU Campus, Mannuthi



# KAU Campus, Mannuthi



# Manalur GP, Anthikkad Block - Kandal









# Casuarina – Punnapra South



# Punnappra South - Alappuzha





# Alappuzha District








NURSERY NIRMMANAM , WARD 12, VILAKKUDY GP, PATHANAPURAM BLOCK, KOLLAM DIST.

# Perinad GP - ChittumalaBlock



# Kollengode GP, Palakkad





# Chemmanad GP, Kasaragod



# മുളയുടെ തലസ്ഥാനമാവാൻ ജില്ലയൊരുങ്ങുന്നു

**കാസർകോട്▸** വേനലിൽ വരണ്ടുണങ്ങുന്ന ചെങ്കൽ ഭൂമികളെ ഹരിതാഭമാക്കി ദക്ഷിണേന്ത്യയുടെ 'മുളയുടെ തലസ്ഥാന'മാവാൻ ജില്ലയൊരുങ്ങുന്നു.

12 നദികളും നിരവധി ജലാശയങ്ങളുമുണ്ടായിട്ടും ജീവൻെറ തുടിപ്പ് നശിച്ച ഭൂപ്രദേശങ്ങളെ മുളങ്കാടുകൾ കൊണ്ട് ഹരിതകേന്ദ്രമാക്കി മാറ്റുന്നതിനുള്ള മുന്നൊരുക്കങ്ങൾ തുടങ്ങി. പദ്ധതിയിലൂടെ ദക്ഷിണേന്ത്യയിലെ പ്രധാന 'ബാംബൂ ഹബ്ബാ'യി വികസിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. കളക്ടർ ഡോ. ഡി.സജിത്ത് ബാബുവിൻെറ താത്പര്യപ്രകാരം ആവിഷ്കരിച്ച പദ്ധതി വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്.

ആദ്യഘട്ടത്തിൽ കാസർകോട്, മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തുകളിലും ചീമേനി തുറന്ന ജയിലിലുമാണ് നടപ്പാക്കുന്നത്. ലോക പരിസ്ഥിതിദിനമായ ജൂൺ അഞ്ചിന് ഈ പ്രദേശങ്ങളിൽ മൂന്നുലക്ഷം തൈകൾ



മുള നഴ്സറികൾ സ്ഥാപിക്കുന്നതിനുവേണ്ടി തൊഴിലുറപ്പ് തൊഴിലാളികൾക്ക് മഞ്ചേശ്വരത്ത് സംഘടിപ്പിച്ച പരിശീലനം

ഒറ്റദിവസം കൊണ്ട് നട്ട് പദ്ധതി ആരംഭിക്കും. സാമൂഹിക വനവത്കരണ വിഭാഗം 60,000 മുളംതൈകൾ പഞ്ചായത്തുകൾക്ക് കൈമാറും. കാസർകോട്, മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തുകൾ ലഭ്യമാക്കുന്ന വിത്തുകളുപയോഗിച്ച് തൊഴിലുറപ്പ് പദ്ധതിപ്രകാരം ഓരോ വാർഡിലും നഴ്സറികൾ സ്ഥാപിച്ച് ബാക്കി ആവശ്യമുള്ള 2,40,000 മുളംതൈകൾ തയ്യാറാക്കും. വാർഡുകളിൽനിന്ന് തിരഞ്ഞെടുത്ത തൊഴിലുറപ്പ് തൊഴിലാളികൾക്ക് നഴ്സറികൾ സ്ഥാപിക്കുന്നതിനുള്ള പരിശീലനം നൽകി. മുളംതൈകൾ നട്ടുപിടിപ്പിച്ച് തുടർന്ന് മൂന്നുമാസക്കാലം കൃത്യമായ പരിചരണം തൊഴിലുറപ്പ് പദ്ധതിയിലൂടെ ഉറപ്പാക്കും. പദ്ധതിക്കാവശ്യമായ സാങ്കേതിക സഹായവും നിർദേശങ്ങളും കൃഷി വകുപ്പ് മുഖേന ലഭ്യമാക്കും. മുളംകൃഷിക്കാവശ്യമായ ജൈവവളം, ജൈവമാലിന്യ ശേഖരണത്തിലൂടെ ശുചിത്വമിഷൻെറ കീഴിലുള്ള ഹരിത കർമസേനയായിരിക്കും സംഘടിപ്പിക്കുന്നത്. പഞ്ചായത്തുകളിൽ ഇതിനാവശ്യമായ കമ്പോസ്റ്റിങ് സംവിധാനം ഏർപ്പെടുത്തും.

മുളംതൈകൾ വളരുന്ന ഘട്ടത്തിലെ ഓരോ ഇടവേളയിൽ കിണറുകളും കുഴൽക്കിണറുകളും മറ്റും പരിശോധിച്ച് ജലനിരപ്പിൽ വരുന്ന വ്യത്യാസങ്ങൾ നിരീക്ഷിച്ച് ഭൂഗർഭജലവകുപ്പ് ഉദ്യോഗസ്ഥർ റിപ്പോർട്ട് തയ്യാറാക്കും.



കാതൽ കൂടുതലുള്ളതും ഇന്ത്യയിൽ പൊതുവെ കാണപ്പെടുന്നതുമായ 'കല്ലൻ മുള'യാണ് പദ്ധതിക്കുവേണ്ടി ഉപയോഗിക്കുന്നത്. മൂന്നു ലക്ഷം മുളകൾ ഏകദേശം 66 ലക്ഷം കിലോഗ്രാം ജൈവാംശം ഒരുവർഷം മണ്ണിൽ നിക്ഷേപിക്കും. ഇത് ചെങ്കൽമണ്ണിനെ ഫലപുഷ്ടിയുള്ള മണ്ണാക്കിമാറ്റും. ഇപ്രകാരം ഏകദേശം 37,500 ഏക്കറിൽ പുതുതായി കൃഷി തുടങ്ങാനും പദ്ധതിയുണ്ട്.

വിളവെടുക്കുന്ന മുളകൾ സംസ്കരിച്ച് വിവിധങ്ങളായ ഉത്പന്നങ്ങളുണ്ടാക്കാനായി ജില്ലയിൽ ചെറുകിട-വൻകിട സംരംഭങ്ങൾ തുടങ്ങുമെന്ന് പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്ന ദാരിദ്ര്യലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ വി.കെ.ദിലീപ് പറഞ്ഞു.

കൊറഗ വിഭാഗത്തിന് മുളകൊണ്ടുള്ള കരകൗശല നിർമാണങ്ങൾക്കായി പരിശീലനം നൽകുമെന്നും അദ്ദേഹം പറഞ്ഞു.

## പങ്കാളിയാകാം

ജില്ലയുടെ സാമ്പത്തിക മേഖലയിൽ വിപ്ലവകരമായ മാറ്റം സൃഷ്ടിക്കാൻ പോകുന്ന 'ബാംബു കാപ്പിറ്റൽ പദ്ധതി'യിൽ വ്യക്തികൾക്കും പങ്കാളിയാകാം. ആകെ ചെയ്യേണ്ടത് നിങ്ങളുടെ ഒഴിഞ്ഞ പറമ്പുകൾ പഞ്ചായത്ത് പ്രതിനിധികൾക്ക് കാണിച്ചുകൊടുത്താൽ മാത്രം മതി. മുളകൾക്കുവേണ്ട കുഴികൾ നിർമിക്കുന്നത് മുതൽ തൈകൾ വെച്ചുപിടിപ്പിക്കുന്നതും പിന്നീട് മൂന്നുമാസത്തോളമുള്ള പരിപാലനവും തൊഴിലുറപ്പുതൊഴിലാളികൾ സൗജന്യമായി ചെയ്തുതരും. ഇതിൽനിന്ന് ലഭിക്കുന്ന മുള, സ്ഥലം വിട്ടുനൽകുന്ന ഭൂമിയുടെ ഉടമസ്ഥർക്കുതന്നെ വാണിജ്യാവശ്യത്തിനെടുക്കാം.

# നന്ദി



महात्मा गांधी राष्ट्रीय ग्रामीण रोजगार गारंटी अधिनियम
Mahatma Gandhi National Rural Employment Guarantee Act
100
महात्मा गांधी नरेगा
Mahatma Gandhi NREGA
ചെമ്മനാട്
ഗ്രാമ പഞ്ചായത്ത്